പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 165

# 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 21-11-18



# 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

1470/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 165

# 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

2011-ലെ കേരള പോലീസ് ആക്റ്റ് വീണ്ടും

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2011-ലെ കേരള പോലീസ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 നവംബർ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 112-ാം വകുപ്പിന്റെ ഭേദഗതി.—2011-ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 112-ാം വകുപ്പ് (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) സംസ്ഥാന അതോറിറ്റിയുടെ ചെയർപേഴ്സണോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ, അതതു സംഗതിപോലെ, അപ്രകാരമുള്ള അതോറിറ്റിയുടെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേക്കായി, അപ്രകാരമുള്ള അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ഒറ്റയ്ക്കോ കൂട്ടായോ തീരുമാനമെടുക്കാവുന്നതാണ്.

(6) ജില്ലാ അതോറിറ്റിയുടെ ചെയർപേഴ്സണോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ, അതതു സംഗതിപോലെ, അപ്രകാരമുള്ള അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ഒറ്റയ്ക്കോ കൂട്ടായോ തീരുമാനമെടുക്കാവുന്നതാണ്.".

3. തീർപ്പാകാതെ നിലവിലിരിക്കുന്ന ചില അപേക്ഷകളെ സംബന്ധിച്ചും മറ്റു ചില സംഗതികളെ സംബന്ധിച്ചും ഉള്ള പ്രത്യേക വ്യവസ്ഥ—പ്രധാന ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന അതോറിറ്റിയുടെയോ ജില്ലാ അതോറിറ്റിയുടെയോ മുമ്പാകെ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ സമർപ്പിച്ചിട്ടുള്ളതും, തീർപ്പാകാതെ നിലവിലിരിക്കുന്നതുമായ എല്ലാ അപേക്ഷകളെ സംബന്ധിച്ചും ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിനനുസൃതമായി പ്രസ്തുത അതോറിറ്റികൾ വീണ്ടും തീർപ്പാക്കേണ്ടതായ ഏതെങ്കിലും സംഗതികളെ സംബന്ധിച്ചും 112-ാം വകുപ്പ് (5) ഉം (6) ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2018-ലെ 56) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2011-ലെ കേരള പോലീസ് ആക്റ്റിന്റെ (2011-ലെ 8) 110-ാം വകുപ്പ് കേരള സംസ്ഥാനത്ത് പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റി സ്ഥാപിക്കുന്നതിനായി വ്യവസ്ഥ ചെയ്യുകയും പ്രസ്തുത ആക്റ്റിന്റെ 112-ാം വകുപ്പ് കംപ്ലെയിന്റ്സ് അതോറിറ്റിയുടെ മുമ്പാകെ ഫയൽ ചെയ്യപ്പെടുന്ന പരാതികളിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും വ്യവസ്ഥ ചെയ്യുന്നു.

2011-ലെ കേരള പോലീസ് ആക്ടിൽ (2011-ലെ 8) ചെയർപേഴ്സൺ അല്ലെങ്കിൽ അംഗങ്ങൾ സ്വതന്ത്രമായി പ്രവർത്തിക്കുന്നത് പ്രാപ്തമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഒന്നും തന്നെ നിലവിലില്ല. ബഹു. ഹൈക്കോടതിയുടെ 18566/2017-ാം നമ്പർ റിട്ട് ഹർജിയിലും മറ്റ് ബന്ധപ്പെട്ട കേസുകളിലെയും വിധിന്യായത്തിൽ ക്വാറം തികയാതെ ചെയർപേഴ്സണോ അല്ലെങ്കിൽ അംഗങ്ങളോ പാസാക്കിയിട്ടുള്ള ഉത്തരവുകൾ നിയമപ്രകാരം നിലനിൽക്കാത്തതാണെന്നും അപ്രകാരം പാസാക്കിയ ഉത്തരവുകൾ തികച്ചും ഏകപക്ഷീയവും നിയമപരമല്ലാത്തതും അധികാരിതയില്ലാത്തതുമാണെന്നും ആയതിനാൽ സംസ്ഥാന പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയും/ജില്ലാ പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റികളും പരാതികൾ പുനഃപരിശോധിക്കേണ്ടതാണെന്നും നിർദ്ദേശം നൽകുകയുണ്ടായി.

പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയിലെ രണ്ട് അംഗങ്ങൾ അഡീഷണൽ ചീഫ് സെക്രട്ടറിയും അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസും ആയതിനാൽ അവരുടെ സാധാരണമായ ഔദ്യോഗിക കർത്തവ്യങ്ങളുടെ തിരക്ക് കാരണം പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിക്ക് ഫുൾ ക്വാറത്തോടെ പരാതികൾ തീർപ്പാക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഈ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിനായി അതോറിറ്റി മുമ്പാകെ ഫയൽ ചെയ്ത പരാതികൾ സംസ്ഥാന അതോറിറ്റിയുടെയോ ജില്ലാ അതോറിറ്റികളുടെയോ ചെയർപേഴ്സണോ അല്ലെങ്കിൽ അംഗങ്ങൾക്കോ ഒറ്റയ്ക്കോ കൂട്ടായോ തീരുമാനമെടുക്കുന്നതിനായി 2011-ലെ കേരള പോലീസ് ആക്റ്റിന്റെ (2011-ലെ 8) 112-ാം വകുപ്പിന് (5) ഉം (6) ഉം ഉപവകുപ്പുകൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നതിനും തീർപ്പാകാതെ നിലവിലിരിക്കുന്ന ചില അപേക്ഷക ളെയും മറ്റു ചില സംഗതികളെയും സംബന്ധിച്ചും ഒരു പ്രത്യേക വ്യവസ്ഥ കൊണ്ടുവരുന്നതിനും തീരുമാനിച്ചു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2018-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് 2018 നവംബർ 5-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018-ലെ 56-ാം നമ്പർ ഓർഡിനൻസായി 2018 നവംബർ 5-ാം തീയതിയിലെ 2723-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2018-ലെ 56-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പിണറായി വിജയൻ.

## 2011-ലെ കേരള പോലീസ് ആക്റ്റിൽ (2011-ലെ 8)

## നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

*** *** ***

112. <u>കംപ്ലയിന്റ്സ് അതോറിറ്റികളുടെ നടപടി ത്വരിതപ്പെടുത്തേണ്ടതാണെന്ന്.</u>—(1) പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി അവയുടെ പരിഗണനയ്ക്ക് വരുന്ന പരാതികളിന്മേൽ സത്വരമായ നടപടി സ്വീകരിക്കേണ്ടതാണ്.

(2) കംപ്ലയിന്റ്സ് അതോറിറ്റിയുടെ പരിഗണനയ്ക്ക് വരുന്ന കാര്യങ്ങളിൽ അതോറിറ്റിക്ക് യോഗ്യമെന്ന് ബോദ്ധ്യമുള്ള സംഗതികളിൽ ഇനിപ്പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ ഏത് ഉദ്യോഗസ്ഥനോടും ആവശ്യപ്പെടാവുന്നതും ആ ഉദ്യോഗസ്ഥൻ അത് നിർവ്വഹിക്കേണ്ടതുമാണ്,—

(എ) ഒരു സാക്ഷിയെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തുക;

(ബി) പ്രസക്തമായ രേഖകൾ കണ്ടെത്തി പരിശോധിച്ച് പിടിച്ചെടുക്കുക;

(സി) പ്രസ്തുത ഉദ്യോഗസ്ഥന് അധികാരമോ കഴിവോ പ്രാവീണ്യമോ ഉള്ള പരിശോധനയോ പരീക്ഷണമോ നടത്തുക;

(ഡി) ഓരോ പരാതിയുടേയും സാഹചര്യം പരിഗണിച്ച് ന്യായമായ സഹായം അതോറിറ്റിക്ക് നൽകുക.

(3) കംപ്ലയിന്റ്സ് അതോറിറ്റിക്ക് അതിന്റെ പരിഗണനയിലുള്ള പരാതിയുടെ മുഖ്യ വിഷയം സംബന്ധിച്ച് പോലീസിൽ നിന്നും സർക്കാരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടാവുന്നതാണ്.

(4) കംപ്ലയിന്റ്സ് അതോറിറ്റി നടത്തുന്ന അന്വേഷണവുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥന് തെളിവ് ഹാജരാക്കുന്നതിനും നേരിട്ട് മൊഴി നൽകുന്നതിനും ഉചിതവും പ്രായോഗികവുമായ അവസരങ്ങളിൽ സാക്ഷികളെ എതിർ വിസ്താരം നടത്തുന്നതിനും അവസരം അനുവദിക്കേണ്ടതാണ്.

*** *** ***